# 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 285** **01-02-2023 - ൽ മറുപടിയ്ക്ക്**

## കാസർഗോഡ് ജില്ലയിൽ മുൻഗണനാ റേഷൻ കാർഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാസർഗോഡ് ജില്ലയിൽ എത്രപേർ മുൻഗണനാ റേഷൻ കാർഡ് വിഭാഗത്തിൽ നിന്ന് സ്വമേധയാ ഒഴിഞ്ഞു പോയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 5156 പേർ. |
| (ബി) | പ്രസ്തുത ജില്ലയിൽ അനർഹമായി ബി.പി.എൽ. റേഷൻ കാർഡുള്ള എത്രപേരെ പിഴ ഈടാക്കി എ.പി.എൽ. വിഭാഗത്തിലേക്ക് മാറ്റിയെന്ന് അറിയിക്കാമോ; | (ബി) | 48 പേരെ പിഴ ഈടാക്കി മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത ജില്ലയിൽ എ.പി.എൽ. കാർഡ് ബി.പി.എൽ. ആക്കി മാറ്റുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ആയതിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ചും വിശദമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാസർഗോഡ് ജില്ലയിൽ മുൻഗണനയിലേക്ക് മാറ്റുന്നതിന് ലഭ്യമായ **20508** അപേക്ഷകളിൽ **14852** എണ്ണം PHH വിഭാഗത്തിലേക്കും **396** എണ്ണം എ.എ.വൈ വിഭാഗത്തിലേക്കും മാറ്റി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ